ഇന്ത്യൻ ഹോക്കി ടീം ക്യാപ്റ്റനെ കുന്നത്തുനാട് ജനമൈത്രി പോലീസ് ആദരിച്ചു

വിവിധ റസിഡൻസ് അസ്സോസിയേഷനുകളുടെ സഹകരണത്തോടെ കുന്നത്തുനാട് ജനമൈത്രിപോലീസ് ഇന്ന് സംഘടിപ്പിച്ച ചടങ്ങിൽ ഇന്ത്യൻ ഹോക്കി ടീം ക്യാപ്റ്റൻ പദ്മശ്രീ.ശ്രീജേഷിനെ ആദരിച്ചു.

രാവിലെ കുന്നത്തുനാട് ജനമൈത്രി പോലീസ് സ്റ്റേഷൻ അങ്കണത്തിൽ സംഘടിപ്പിച്ച ചടങ്ങ് കുന്നത്തുനാട് പോലീസ് ഇൻസ്പെക്ടർ ജെ.കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു, കുന്നത്തുനാട് സബ്ബ് ഇൻസ്പെക്ടർ ഡി.ദിലീഷ് അദ്ധ്യക്ഷത വഹിച്ചു, മൈത്രി റസിഡൻസ് അസ്സോസിയേഷൻ പ്രസിഡൻറ് രവീന്ദ്രൻ നായർ, ജനസേവ റസിഡൻസ് അസ്സോസിയേഷൻ പ്രസിഡൻറ് പി.പി.മൈതീൻ, കുന്നത്തുനാട് പോലീസ് സ്റ്റേഷൻ അഡീഷണൽ സബ്ബ് ഇൻസ്പെക്ടർ എൻ.കെ.രമണൻ, എ.എസ്.ഐ.ബേബിച്ചൻ, എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു എസ്.സി.പി.ഒ.ജേക്കബ് സ്വാഗതവും, എ.എസ്.ഐ. കെ.എ.സത്യൻ കൃതജ്ഞതയും രേഖപ്പെടുത്തി. ചടങ്ങിൽ കുന്നത്തുനാട് പോലീസ് ഇൻസ്പെക്ടർ ഉപഹാരം നൽകി പദ്മശ്രീ.ശ്രീജേഷിനെ ആദരിച്ചു.

പോലീസ് സ്റ്റേഷൻ അങ്കണത്തിൽ നടന്ന ചടങ്ങിൽ വിവിധ റസിഡൻസ് അസ്സോസിയേഷനുകളിൽ നിന്നായി ഏകദേശം 150 പേർ പങ്കെടുത്തു.